"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**



**<u>സംഗ്രഹം</u>**

ഭാരതീയ ചികിത്സാ വകുപ്പ് -ശ്രീമതി സുബൈദ വി.യും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) 72/2022-നമ്പർ കേസ് -12.01.2024 ലെ അന്തിമവിധി നടപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.171/2024/AYUSH തീയതി,തിരുവനന്തപുരം, 16-05-2024

---

പരാമർശം:-

1. ശ്രീമതി സുബൈദ വി സമർപ്പിച്ച 15.11.2021 ലെ നിവേദനം (Annexure A6)
2. ശ്രീ മെയ്ജോ വി.ആർ സമർപ്പിച്ച 15.11.2021 ലെ നിവേദനം (Annexure A7)
3. OA(EKM) 72/2022 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.01.2024 ലെ ഉത്തരവ്
4. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 3.04.2024 ലെ E2/60/2022/DAME നം.കത്ത്
5. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 08.04.2024 ലെ DISM/85/2022-G1 നം.കത്ത്

**<u>ഉത്തരവ്</u>**

1. ശ്രീമതി സുബൈദ വി.യും മറ്റുള്ളവരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 72/2022 നമ്പർ കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.01.2024-ലെ അന്തിമ വിധിന്യായം പ്രകാരം അപേക്ഷകരെ നേരിൽ കേട്ട ശേഷം Annexure A6,A7 നിവേദനങ്ങളിന്മേൽ സർക്കാർ( 2nd respondent) മൂന്നു മാസത്തിനകം തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

2. അപേക്ഷകർ ആയുഷ് വകുപ്പിനു കീഴിൽ നേഴ്സിങ് അസിസ്റ്റൻറ്/അറ്റന്റർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരാണ് . നേഴ്സിങ് അസിസ്റ്റൻറുമാർക്ക് നിലവിൽ രണ്ട് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിലുള്ളതെന്നും അവർക്ക് 12 മുതൽ 14 മണിക്കൂർ വരെ തുടർച്ചയായി ഇത്തരത്തിൽ ജോലി ചെയ്യേണ്ടതായി വരുമെന്നും വിശ്രമമില്ലാതെ ഇത്രയും സമയം ജോലി ചെയ്യുന്നത് മൂലം ഇവർക്ക് മാനസികമായി വളരെ സമ്മർദ്ദം ഉണ്ടാകുമെന്നും ആയതിനാൽ ഈ വിഷയം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ് Annexure A6,A7 നിവേദനങ്ങളിലെ ആവശ്യം.

3.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.01.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിലെ ജോയിന്റ് സെക്രട്ടറി 20.02.2024 രാവിലെ 11 മണിക്ക്

അപേക്ഷകരെ നേരിൽ കേട്ടു. നേഴ്സിങ് അസിസ്റ്റൻറുമാർ തുടർച്ചയായി 19 മണിക്കൂർ ജോലി ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും , ഭാരതീയ ചികിത്സാ വകുപ്പിലെ നേഴ്സുമാർക്ക് 3-ഷിഫ്റ്റ് ഡ്യൂട്ടി അനുവദിച്ചതിനു സമാനമായി നിലവിൽ നേഴ്സിങ് അസിസ്റ്റൻറുമാർക്ക് 3- ഷിഫ്റ്റ് നടപ്പാക്കാൻ സാധ്യമാകുന്ന സ്ഥാപനങ്ങളിൽ മാനുഷിക പരിഗണന നൽകി 3-ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിൽ വരുത്തണമെന്നും ഹിയറിംഗ് വേളയിൽ അപേക്ഷകർ ആവശ്യപ്പെട്ടു. കൂടാതെ 27/11/2017 ലെ G.O.(Rt)No.546/2017/Ayush പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിലെ നേഴ്സുമാർക്ക് 3-ഷിഫ്റ്റ് ഡ്യൂട്ടി അനുവദിച്ചപോലെയും , ബഹു.കേരള ഹൈക്കോടതിയുടെ സീനത്ത്ബീവി Vs സ്റ്റേറ്റ് ഓഫ് കേരള യുടെ വിധി പ്രകാരം നേഴ്സ്മാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം അനുവദിച്ചത് പോലെയും നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലും 3-ഷിഫ്റ്റ് സമ്പ്രദായം അനുവദിക്കണമെന്നും, നിലവിൽ നേഴ്സിംഗ് അസിസ്റ്റന്റിന് 3-ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്തിയാൽ സംഘടനയും അതിലെ അംഗങ്ങളും ഇതുമായി സഹകരിക്കുന്നതായിരിക്കുമെന്നും അപേക്ഷകർ അറിയിച്ചിട്ടുള്ളതാണ്.

4. തുടർന്ന് നേഴ്സിങ് അസിസ്റ്റൻറുമാർക്ക് 3-ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയാൽ അത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ എങ്ങനെ ബാധിക്കും എന്നതിൽ മെഡിക്കൽ ഓഫീസർമാരുടെയും നേഴ്സുമാരുടെയും അഭിപ്രായം ആരായുന്നതിനായി ഭാരതീയ ചികിത്സ വകുപ്പിലേയും ,ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും മെഡിക്കൽ ഓഫീസർ, നേഴ്സ് എന്നീ വിഭാഗങ്ങളിലെ ബന്ധപ്പെട്ട സർവീസ് സംഘടനകളുടെ ചർച്ച നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പട്ട വകുപ്പ മേധാവികൾക്ക് നിർദ്ദേശം നൽകുകയുണ്ടായി.

5.ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ 3 സർക്കാർ ആയുർവേദ കോളേജുകളിലേയും നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിലവിലെ staff strength അടിസ്ഥാനപ്പെടുത്തി 3-ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാലും, ആയത് ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാലും പ്രസ്തുത വിഭാഗം ജീവനക്കാർക്ക് 3-ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുവാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുകയില്ലായെന്നും മതിയായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പ്രസ്തുത ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം സർക്കാർ അനുമതിയോടെ പരിഗണിക്കാവുന്നതാണെന്നും പരാമർശം-4 പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

6.ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ, നഴ്സുമാർ എന്നിവരുടെ സംഘടനകളുമായി നഴ്സിംഗ് അസിസ്റ്റന്റുമാർക്ക് 3- ഷിഫ്റ്റ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് 02.04.2024 ന് വകുപ്പ് മേധാവി ചർച്ച നടത്തിയെന്നും സംഘടനകൾ എല്ലാം തന്നെ ടി വിഷയത്തോട് യോജിപ്പ് പ്രകടിപ്പിച്ചെങ്കിലും, നിലവിൽ ആവശ്യത്തിനു തസ്തികകൾ ഇല്ലാത്തതിനാൽ ആയത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ങ്ത്തിൽ വ്യത്യാസം വരുത്തി നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാതെ 3-ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്നും പരാമർശം-5 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ്

ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

7. ഈ വിഷയം സംബന്ധിച്ച് പരാമർശം-4,5 പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിലവിലെ staff strength അടിസ്ഥാനപ്പെടുത്തി 3 ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാലും, ആയത് ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാലും മതിയായ തസ്തികകൾ സൃഷ്ടിക്കുന്ന മുറക്ക് മാത്രമേ പ്രസ്തുത ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാർക്ക് 3 ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുവാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുകയില്ല. ആയതിനാൽ ശ്രീമതി സുബൈദ വി.യും മറ്റുള്ളവരും സമർപ്പിച്ച 15.11.2021 ലെ നിവേദനത്തിലെ (AnnextureA6& AnnextureA7 ) ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

8. ശ്രീമതി സുബൈദ വി.യും മറ്റുള്ളവരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 72/2022 നമ്പർ കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം-3 ലെ വിധിന്യായം നടപ്പാക്കി ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,കേരള ,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്,തിരുവനന്തപുരം

ശ്രീമതി സുബൈദ വി, അറ്റൻഡർ,സർക്കാർ ആയുർവേദ ആശുപത്രി,ആലുവ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീ മെയ്ജോ വി.ആർ,നേഴ്സിംഗ് അസിസ്റ്റന്റ്, ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ ), കേരള,തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 18-05-2024 11:46:42